വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ജീവിതനിലവാരം

51 (T7348) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ജീവിത നിലവാരം മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

ഗൾഫ്/വിദേശ മലയാളികളുടെ കുടിയേറ്റം സംബന്ധിച്ച് തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് കുടിയേറ്റ സർവ്വേ നടത്തി ഘടകങ്ങൾ സമാഹരിച്ച് INFLEXION IN KERALA GULF CONNECTION – 2011 എന്ന നാമധേയത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുടിയേറ്റം സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങളും വ്യക്തിഗത കുടുംബങ്ങളുടെ ക്രയശേഷിലുണ്ടായ മാറ്റങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

നോർക്ക സെല്ലുകളുടെ പ്രവർത്തനം

52 (7349) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക സെല്ലുകളിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നോർക്ക സെല്ലുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ നോർക്കാസെല്ലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവാസി മലയാളികൾക്ക് എളുപ്പത്തിലും സൗകര്യപ്രദമായും സഹായം നേടാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് നോർക്ക സെൽ സ്ഥാപിച്ചിട്ടുള്ളത്. നോർക്ക വകുപ്പിന്റെ ധനസഹായ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട്, കാരുണ്യം പദ്ധതി എന്നിവയുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യവും അതിന്മേലുള്ള വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനമാണ് നോർക്ക സെല്ലുകളിൽനിന്നും നൽകിവരുന്നത്. നോർക്ക-റൂട്ട്സ് നടപ്പാക്കിവരുന്ന ഇൻഷുറൻസ് പദ്ധതികളുടെ അപേക്ഷയുടെ വിതരണവും സ്വീകരിക്കലും ഈ ഓഫീസുകളിൽ ചെയ്യുന്നുണ്ട്. ജില്ലാതല സെല്ലുകളിൽ പ്രവാസികൾക്ക് നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും ബന്ധപ്പെടുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly